കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. സന്തോഷ് കൃഷ്ണൻ കെ.എസ്., ശ്രീമതി. സൗമ്യ എസ്. ദമ്പതികളുടെ വിവാഹ രജിസ്ട്രേഷൻ- ഒരു പ്രത്യേക കേസായി പരിഗണിച്ച് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ ഇളവ് വരുത്തി രജിസ്റ്റർ ചെയ്തു നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം.1413/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28.07.2020

പരാമർശം: 1) ശ്രീ. സതീശൻ എം., എസ്. എസ്. ഫ്ലാറ്റ്, കീഴാറ്റിങ്ങൽ പി. ഒ., തിരുവനന്തപുരം പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച 03.06.2020-ലെ അപേക്ഷയും അനുബന്ധ രേഖകളും.

2) ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 34357/2019 യിന്മേലുള്ള 05.03.2020 ലെ വിധിന്യായം.

3) വർക്കല നഗരസഭ പൊതു വിവാഹ രജിസ്ട്രാർ 04.06.2020 ൽ പഞ്ചായത്ത്ഡയറക്ടർക്ക് സമർപ്പിച്ച എച്ച്2-4088-2020 നമ്പർ കത്ത്

4) വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടറുടെ 05.06.2020 ലെ PAN/7278/2020-B2(DP) നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. സന്തോഷ് കൃഷ്ണൻ കെ.എസ്, ശ്രീമതി.സൗമ്യ എസ്. എന്നിവർ 11/11/2019-ൽ വർക്കല ശിവഗിരി ശാരദാമഠത്തിൽ വച്ച് വിവാഹിതരാവുകയും പ്രസ്തുത വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി വർക്കല നഗരസഭയിൽ വധൂവരന്മാർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ വരന്റെ ആദ്യ വിവാഹ മോചന ഉത്തരവിൽ വരന്റെ പേര് 'സന്തോഷ് കുമാർ കെ.എസ്.' എന്ന് രേഖപ്പെടുത്തി കണ്ടതിനാൽ അത് തിരുത്തി നൽകുന്നതിന് വർക്കല നഗരസഭ നിർദ്ദേശിച്ചതിൻ പ്രകാരം അവർ ബഹു.ഹൈക്കോടതിയിൽ W.P.(C)No.34357/2019 എന്ന കേസ് ഫയൽ ചെയ്യുകയുമുണ്ടായി. തഴവ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള വൺ ആൻഡ് ദി സെയിം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വർക്കല മുനിസിപ്പാലിറ്റി രജിസ്ട്രാറുടെ മുൻപാകെ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് വാദികളായ ദമ്പതികളുടെയും വിവാഹത്തിന് സാക്ഷ്യം വഹിച്ച ഏതെങ്കിലും വ്യക്തികളുടെയും മൊഴി രേഖപ്പെടുത്തി വിവാഹം രജിസ്റ്റർ ചെയ്തു നൽകുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ ബഹു. ഹൈക്കോടതി പരാമർശം (2) പ്രകാരം ഉത്തരവിട്ടിരുന്നു.

2) 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, ചട്ടം 11(1) പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുൻപായി വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾ ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ മുൻപാകെ ഒരു പ്രാവശ്യമെങ്കിലും നേരിട്ട്

ഹാജരാകേണ്ടതും വിവാഹ (പൊതു) രജിസ്റ്ററിൽ ഈ ആവശ്യത്തിലേയ്ക്കായി നൽകിയിട്ടുള്ള സ്ഥലത്ത് അവരുടെ ഒപ്പ് വയ്ക്കേണ്ടതുമാണ്.

3) കോടതി ഉത്തരവ് ലഭ്യമായി വിവാഹം രജിസ്റ്റർ ചെയ്യുന്നതിനും മുൻപ്പ ഈ ദമ്പതികൾക്ക് ജോലിസ്ഥലമായ ദുബായിലേയ്ക്ക് മടങ്ങേണ്ടി വന്നതിനാൽ അവർക്ക് തദ്ദേശ രജിസ്ട്രാർ മുൻപാകെ നേരിൽ ഹാജരാകുന്നതിന് കഴിഞ്ഞിട്ടില്ലെന്നും ഇപ്പോൾ ശ്രീമതി. സൗമ്യ ഗർഭിണിയായതാൽ ആരോഗ്യപരമായ കാരണങ്ങളാൽ യാത്ര ചെയ്യാൻ കഴിയാത്തതിനാലും കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ നാട്ടിൽ എത്താൻ കഴിയാത്തതിനാലും വിദേശത്തായ ദമ്പതികൾക്ക് നേരിട്ട് ഹാജരായി വിവാഹ (പൊതു) രജിസ്റ്ററിൽ ഒപ്പ വയ്ക്കാൻ കഴിയാത്ത അവസ്ഥയാണെന്നും വിവാഹ രജിസ്ട്രേഷൻ രേഖകളില്ലാതെ കുഞ്ഞ് ജനിക്കുകയാണെങ്കിൽ ദുബായ്-ലെ നിയമപ്രകാരം ശിക്ഷിക്കപ്പെട്ടുമെന്നും അതിനാൽ ആ രാജ്യത്തെ നിയമപരമായ ആവശ്യത്തിലേയ്ക്കായി വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കേണ്ടതുള്ളതിനാൽ, വധൂവരന്മാരുടെ അസാന്നിധ്യത്തിൽ വിവാഹം രജിസ്റ്റർ ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി.സൗമ്യയുടെ പിതാവായ ശ്രീ.സതീശൻ എം. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ കൂടിയായ പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൊവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ വധൂവരന്മാരുടെ അസാന്നിദ്ധ്യത്തിൽ വിവാഹം രജിസ്റ്റർ ചെയ്തു നൽകുന്നതിനുള്ള അനുമതി നൽകുന്നതിന് വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ കൂടിയായ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

4) സർക്കാർ ഈക്കാര്യം വിശദമായി പരിശോധിച്ചു. വിവാഹം രജിസ്റ്റർ ചെയ്യുന്നതിൽ ഉണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ തഴവ വില്ലേജ് ഓഫീസറുടെ വൺ ആൻഡ് ദി സെയിം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നില്ലായെന്ന് ബഹു.ഹൈക്കോടതി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിവാഹം രജിസ്റ്റർ ചെയ്തു നൽകുന്നതിൽ, വധൂവരന്മാരുടെ അസാന്നിദ്ധ്യം ഒഴികെ, പ്രത്യക്ഷത്തിൽ മറ്റ് തടസ്സങ്ങൾ ഒന്നും തന്നെയില്ല എന്ന് കാണുന്നു. അതിനാൽ, പരാമർശം (4) പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, കൊവിഡ്-19-മായി ബന്ധപ്പെട്ട് ഉടലെടുത്തിരിക്കുന്ന അസാധാരണ സ്ഥിതി വിശേഷം എന്നിവ കണക്കിലെടുത്തും ഒരു ഇൻഡ്യൻ പൗരൻ ദുബായ് പോലെ കർശനനിയമ വ്യവസ്ഥകൾ നിലനിൽക്കുന്ന ഒരു വിദേശരാജ്യത്ത് നിയമനടപടികൾക്ക് വിധേയനാകേണ്ടി വന്നാൽ നവജാത ശിശു ഉൾപ്പെടെയുള്ള വ്യക്തികൾക്കും രാജ്യത്തിനു തന്നെയും ഉണ്ടാകാനിടയുള്ള കഷ്ടനഷ്ടങ്ങളും മാനഹാനിയും മറ്റ് ബുദ്ധിമുട്ടുകളും കണക്കിലെടുത്തും, ഇത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, ചട്ടം 11(1)-ലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി, ശ്രീ. സന്തോഷ് കൃഷ്ണൻ - ശ്രീമതി. സൗമ്യ ദമ്പതികളുടെ വിവാഹം അവരുടെ അസാന്നിദ്ധ്യത്തിൽ രജിസ്റ്റർ ചെയ്തു നൽകുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുവാൻ വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ കൂടിയായ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) പ്രസ്തുത വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ ടി വിവാഹം നടന്നതിന്റെ വിശ്വാസ്യത ഉറപ്പ് വരുത്തേണ്ടതും അതിലേയ്ക്കായി ടി വധൂവരന്മാരെയും അവരുടെ പവർ ഓഫ് അറ്റോർണി വഹിക്കുന്ന വ്യക്തിയെയും അവരുടെ നിയമാനുസൃതമായ തിരച്ചറിയൽ രേഖകളുടെ കൂടി അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞതായി സാക്ഷ്യപ്പെടുത്തേണ്ടതും അതിലേയ്ക്കായി ആവശ്യമെങ്കിൽ വീഡിയോ കോൺഫറൻസ് പോലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ. പി.**

**ഡെപ്യൂട്ടി സെക്രട്ടറി**

വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
വിവാഹ പൊതു രജിസ്ട്രാർ & സെക്രട്ടറി, വർക്കല നഗരസഭ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ. സതീശൻ എം.എസ്. എസ്. ഫ്ലാറ്റ്, കീഴാറ്റിങ്ങൽ പി. ഒ., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (GSSA/ERSA), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.3/156/2020/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ